THE KERALA STATE CASHEW DEVELOPMENT CORPORATION LTD.,
(A Government of Kerala Undertaking)
Cashew House, Post Box No.13, Mundakkal,
**KOLLAM - 691 001, INDIA.**
Phone: (PBX) 2742271, 2742172, 2742273 & 2742954
FAX: 91-474-2742557

email: cm@cashewcorporation.com
cdc.commerce@gmail.com
ho@cashewcorporation.com

## ക്വൊട്ടേഷൻ നോട്ടീസ്

സി.ഡി.സി/ കോമേഴ്സ്സ് / കാഷ്യൂ ടെസ്റ്റാ / 17–18

20/02/2018

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുളള 30 ഫാക്ടറികളിൽ സ്റ്റോക്കുള്ള ഏകദേശം 165649 കിലോ ഗ്രാം കശുവണ്ടിത്തൊലി വിലയ്ക്കെടുക്കുന്നതിന് സീൽ വച്ച ദർഘാസുകൾ ക്ഷണിച്ചുകൊളളുന്നു. ക്വൊട്ടേഷനോടൊപ്പം 50,000 രൂപ നിരതദ്രവ്യം വയ്ക്കേണ്ടതാണ്. നിരതദ്രവ്യം മൊത്തം RTGS/NEFT/DD ആയി സ്വീകരിക്കുന്നതാണ്. ദർഘാസുകൾ ഉളളടക്കം ചെയ്ത കവറിന് പുറത്തു് കശുവണ്ടിത്തൊലിയ്ക്കുളള ക്വൊട്ടേഷൻ എന്നു് വ്യക്തമായി എഴുതുന്നതോടൊപ്പം കൃത്യമായ മേൽവിലാസവും ഫോൺ നമ്പരും ഇ.മെയിൽ അഡ്രസ്സും എഴുതേണ്ടതാണ്. ദർഘാസുകൾ 05.03.2018 പകൽ 2.30 pm നകം കോർപ്പറേഷന്റെ ഹെഡാഫീസിൽ ലഭിയ്ക്കേണ്ടതാണ്. അന്നുതന്നെ 3.00 PM ന് ഹാജരുളളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസിൽ ലഭിച്ചറേറ്റ് കുറവാണെന്ന് കണ്ടാൽ ഉയർന്ന റേറ്റ് ക്വോട്ട് ചെയ്ത പാർട്ടിയുമായി (H1 bidder) നെഗോസിയേഷൻ നടത്തുന്നതായിരിക്കും. ദർഘാസിൽ ഒരു (1) കിലോഗ്രാം കശുവണ്ടിത്തൊലിയ്ക്കുളള പരമാവധി വില (GST കൂടാതെ) യാണ് കാണിച്ചിരിയ്ക്കേണ്ടത്. ക്വൊട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിരതദ്രവ്യത്തിനു പുറമേ 3 ദിവസത്തിനുളളിൽ 200000 (രണ്ടു ലക്ഷം) രൂപ കരുതൽ നിക്ഷേപം വയ്ക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനകം കരുതൽ നിക്ഷേപം വയ്ക്കാത്തവരുടെ നിരതദ്രവ്യം കോർപ്പറേഷൻ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും കോർപ്പറേഷൻ വീണ്ടും വിൽപ്പന നടത്തുന്നതു മാകുന്നു. ദർഘാസിന്റെ കാലാവധി. 30/03/18 വരെയായിരിക്കും. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഫാക്ടറി പ്രവർത്തനത്തിന് തടസ്സം ഉണ്ടാകാത്തവിധം ഫാക്ടറിയിൽ നിന്നും ലഭിച്ചിട്ടുള്ള സ്റ്റോക്ക് പ്രകാരമുള്ള അണ്ടിത്തൊലി ചാക്കുകൾ കൊണ്ടു വന്ന് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും, നിറയ്ക്കേണ്ടതും ഫാക്ടറിയിൽ നിന്നും നിർദ്ദിഷ്ട കാലാവധിക്കു മുൻപായി നീക്കം ചെയ്യേണ്ടതുമാണ്. അണ്ടിത്തൊലി നിറയ്ക്കാനായി കൊണ്ടുവരുന്ന കാലിച്ചാക്കിന്റെ എണ്ണം ഫാക്ടറിയിലെ വാച്ചറേയും ഫാക്ടറി മാനേജരേയും ബോദ്ധ്യപ്പെടുത്തേണ്ടതാണ്. എല്ലാ ഫാക്ടറികളിലും കശുവണ്ടിത്തൊലി ചാക്കുകളിൽ നിറച്ച് വച്ചിരിക്കുന്നത് പാർട്ടി കൊണ്ടുവരുന്ന ചാക്കുകളിൽ തട്ടിമാറ്റി നിറച്ച് തയ്ച്ചതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തൂക്കമെടുക്കുകയും തൂക്കം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കരാറുകാരൻ ഹെഡാഫീസിലെ കോമേഴ്സ് സെക്ഷനിൽ ഫാക്ടറി മാനേജർ നൽകിയിട്ടുള്ള സ്റ്റോക്കിൻ പ്രകാരമുള്ള കശുവണ്ടി തൊലിക്ക് പണമടച്ച് (RTGS/NEFT വഴി) ഫൈനാൻസ് മാനേജരിൽ നിന്നും ഡലിവറി ഓർഡർ വാങ്ങി ഫാക്ടറി മാനേജരെ ഏൽപ്പിക്കേണ്ടതുമാണ്. ഫാക്ടറികളിൽ നിന്നും ലഭ്യമാകുന്ന സ്റ്റോക്കനുസരിച്ച് ബില്ലിടുന്നതായിരിക്കും.ഡലിവറി ഓർഡർ ഫാക്ടറി മാനേജർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടശേഷം മാത്രമേ അണ്ടിത്തൊലി പുറത്തു കൊണ്ടു പോകാൻ അനുവദിക്കുകയുള്ളു.

വിലയടച്ച് അണ്ടിത്തൊലി നീക്കം ചെയ്യുന്നതിന് കാലതാമസം ഉണ്ടായാൽ മറ്റൊരറിയിപ്പ് കൂടാതെ തന്നെ കരാർ റദ്ദ് ചെയ്യുന്നതും കരുതൽ നിക്ഷേപത്തുകയും നിരതദ്രവ്യവും കോർപ്പറേഷ നിലേക്ക് മുതൽ കൂട്ടുന്നതും ബദൽ നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ അധികൃതരുടെ വാക്കാലോ രേഖാമൂലമോ ഉളള നിർദ്ദേശങ്ങൾ അംഗീകരിച്ച് പ്രവർത്തി ക്കാൻ ബാദ്ധ്യസ്ഥനായിരിക്കും. കരാർ കാലാവധിക്കുള്ളിൽ വിലയടച്ച് കശുവണ്ടിത്തൊലി നീക്കം ചെയ്യാത്തതുമൂലം കോർപ്പറേഷന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് കരാറുകാരനിൽനിന്നും വസൂലാക്കുന്നതാണ്. ദർഘാസ് സംബന്ധിച്ചു് കോർപ്പറേഷനിൽ നിലവിലുളള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ക്വട്ടേഷൻ നടപടിക്രമങ്ങളിൽ കോർപ്പറേഷൻ അധികൃതർ കൈക്കൊളളുന്ന തീരുമാനം അന്തിമമായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുളള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ ഹെഡാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

Asst　　Supt　　ACM　　കൊമേഴ്സ്യൽ മാനേജർ

കോപ്പി എല്ലാ ഫാക്ടറി മാനേജരൻമാർക്കും(രണ്ടു വീതം)

നോട്ടീസ് ബോർഡിലും, ഓഡിറ്റ്, അക്കൗണ്ട്സ്,പ്രൊഡക്ഷൻ സെക്ഷൻ

NB:-ഫാക്ടറി മാനേജരുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ഇ.എം.ഡി റീഫണ്ട്/അഡ്ജസ്റ്റ് ചെയ്യുന്നതല്ല.ലോക്കൽ ബിൽഇടുന്നത് കരാറുകാരൻെറപേരിലല്ലാതെ മറ്റേതെങ്കിലും വ്യക്തിയുടേയോ സ്ഥാപനത്തിൻേറയോപേരിലാണെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നും സമ്മതപത്രം ഹാജരാക്കേണ്ടതാണ്.

# TENDER FOR SKIN ON 05/03/2018

## SKIN STOCK STATEMENT

| SL NO | FACTORY NO | FACTORY NAME | SKIN (Quantity/Kg) |
|---|---|---|---|
| 1 | Fy.No.1 | Kottiyam | 6160 |
| 2 | Fy.No.2 | Kilikolloor | 4775 |
| 3 | Fy.No.4 | Kayamkulam | 7152 |
| 4 | Fy.No.5 | Mynagappally | 5256 |
| 5 | Fy.No.6 | Ayathil | 10758 |
| 6 | Fy.No.7 | Nooranadu | 10635 |
| 7 | Fy.No.8 | Puthoor | 9700 |
| 8 | Fy.No.9 | Kilimannoor | 9175 |
| 9 | Fy.No.10 | Pulloor | 3200 |
| 10 | Fy.No.11 | Edamulakkal | 6856 |
| 11 | Fy.No.12 | Chathannoor | 2425 |
| 12 | Fy.No.13 | Thalasserry | 1089 |
| 13 | Fy.No.14 | Bharanikkavu | 3960 |
| 14 | Fy.No.15 | Chittumala | 4848 |
| 15 | Fy.No.16 | Adinadu | 9480 |
| 16 | Fy.No.17 | Kannanalloor | 6816 |
| 17 | Fy.No.18 | Maikone | 5927 |
| 18 | Fy.No.20 | Elampalloor | 4100 |
| 19 | Fy.No.21 | Palakulagara | 1510 |
| 20 | Fy.No.22 | Nedumpaikulam | 6275 |
| 21 | Fy.No.24 | Karimulakkal | 7407 |
| 22 | Fy.No.26 | Thettikkuzhi | 5280 |
| 23 | Fy.No.27 | Eravipuram | 2520 |
| 24 | Fy.No.28 | Parippally | 7550 |
| 25 | Fy.No.29 | Paruthumpara | 2525 |
| 26 | Fy.No.30 | Kunnathoor | 2760 |
| 27 | Fy.No.31 | Kallumthazham | 5075 |
| 28 | Fy.No.32 | Kanjamkadu | 4355 |
| 29 | Fy.No.33 | Kadakkal | 6200 |
| 30 | Fy.No.34 | Chengamanadu | 1880 |
| TOTAL | | | 165649 |

THE KERALA STATE CASHEW DEV. CORP. LTD. KOLLAM

Commercial Manager